# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5425 — 01.07.2014-ൽ മറുപടിക്ക്

### ഭവനരഹിതരെ സഹായിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് .എൻ. കൃഷ്ണൻ നായർ: | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭവനരഹിതരെ സഹായിക്കുന്നതിനും ഇവർക്ക് വീട് വച്ചു നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്തെ ഭവനരഹിതരെ സഹായിക്കുന്നതിനും സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുമായി ഭവന നിർമ്മാണ ബോർഡ് മുഖേന താഴെ പറയുന്ന ഭവന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>(1) സാഫല്യം ഭവന പദ്ധതി.<br>(2) ഗൃഹശ്രീ ഭവന പദ്ധതി.<br>(3) ഇന്നൊവേറ്റീവ് ഭവന പദ്ധതി.<br>(4) സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി.<br>(5) പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ.<br>(6) ഭൂ വികസന പദ്ധതികൾ.<br>(7) സങ്കേതം ഭവന പദ്ധതി. |
| ബി) ഇതിനായി ഫലപ്രദമായ മറ്റെന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) 2014-2015 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ സൗഭാഗ്യ ഭവന പദ്ധതി എന്ന പുതിയ വായ്പാ പദ്ധതി നടപ്പിലാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 1 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ദുർബല വിഭാഗക്കാർക്ക് 4% പലിശ നിരക്കിലും 2 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള താഴ്ന്നവരുമാന വിഭാഗക്കാർക്ക് 6.5% പലിശ നിരക്കിലും ഭവന വായ്പ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നൽകുവാൻ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. |

(സി) സംസ്ഥാനത്തെ ഭവനരഹിതരുടെ എണ്ണം എത്രയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ?

(സി) സംസ്ഥാനത്തെ ഭവനരഹിതരുടെ എണ്ണം സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ ഭവന നിർമ്മാണ ബോർഡിൽ ലഭ്യമല്ല.

ലാന്റ് റവന്യൂ കമ്മീഷണറുടെ 26.11.2013- ലെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 470606 കുടുംബങ്ങൾ ഉണ്ട്. ഇവരിൽ 179210 കുടുംബങ്ങൾ സ്വന്തമായി ഭൂമിയുമില്ലാത്തവ രാണ്.

ഭവനരഹിതരുടെ എണ്ണം സംബന്ധിച്ച ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| District | No. of houseless people with land | No. of houseless people without land |
|---|---|---|
| Tiruvanathapuram | 22837 | 33229 |
| Kollam | 25336 | 16776 |
| Alappuzha | 32887 | 8329 |
| Pathanamthitta | 12335 | 6727 |
| Idukki | 36732 | 12525 |
| Kottayam | 13301 | 10186 |
| Ernakulam | 34748 | 15984 |
| Trissur | 17282 | 11146 |
| Palakkad | 12194 | 32505 |
| Malappuram | 20923 | 9627 |
| Wayanad | 24144 | 5866 |
| Kozhikkode | 15937 | 6222 |
| Kannoor | 13643 | 4746 |
| Kasargode | 9097 | 5342 |
| **Total** | **291396** | **179210** |

സെക്ഷൻ ഓഫീസർ